Department of
Education

GOVERNMENT OF
WESTERN AUSTRALIA

**Learning changes lives**



# കുടുംബങ്ങൾക്കുള്ള വിവരങ്ങൾ

## 'സ്കിൽസ് ഇൻ ഡിമാൻഡ്' വിസയും (സബ്ക്ലാസ് 482), 'ടെമ്പററി വർക്ക് (സ്കിൽഡ്)' വിസയും (സബ്ക്ലാസ് 457) കൈവശം വച്ചിരിക്കുന്നവരുടെ, വെസ്റ്റേൺ ഓസ്ട്രേലിയയിലെ പബ്ലിക് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായുള്ള ട്യൂഷൻ ഫീസ്.

'സ്കിൽസ് ഇൻ ഡിമാൻഡ്' വിസയും (സബ്ക്ലാസ് 482), 'ടെമ്പററി വർക്ക് (സ്കിൽഡ്)' വിസയും (സബ്ക്ലാസ് 457) കൈവശം വച്ചിരിക്കുന്നവരുടെ, വെസ്റ്റേൺ ഓസ്ട്രേലിയയിലെ പബ്ലിക് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കായി വെസ്റ്റേൺ ഓസ്ട്രേലിയൻ (WA) സർക്കാർ നിലവിൽ ഫീസ് ഇളവ് നൽകുന്നുണ്ട്.

2027 മുതൽ, പബ്ലിക് സ്കൂൾ ട്യൂഷൻ ഫീസ് ഇളവ് തുടർന്നും ലഭിക്കുന്നതിന് കുടുംബങ്ങളുടെ വരുമാനമാർഗ്ഗങ്ങൾ പരിശോധിക്കുന്നതിന് WA സർക്കാർ ഒരു പരിശോധന വീണ്ടും നടപ്പിലാക്കും. എല്ലാ വരുമാനമാർഗ്ഗങ്ങളും കൂട്ടുമ്പോൾ പ്രതിവർഷം 90,000 ഡോളറിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾക്ക്, തങ്ങളുടെ ആശ്രിതരെ WA പബ്ലിക് സ്കൂളുകളിൽ സൗജന്യമായി എൻറോൾ ചെയ്യുന്നത് തുടരാനാകും.

എല്ലാ വരുമാനമാർഗ്ഗങ്ങളും കൂട്ടുമ്പോൾ പ്രതിവർഷം 90,000 ഡോളറിൽ കൂടുതൽ വരുമാനമുള്ള കുടുംബങ്ങൾ വാർഷിക ഫാമിലി ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതുണ്ട്. പബ്ലിക് സ്കൂളിൽ എൻറോൾ

ചെയ്തിട്ടുള്ള ആശ്രിതരുടെ എണ്ണം പരിഗണിക്കാതെ, ഒരു കുടുംബം വർഷത്തിൽ ഒരു തവണ മാത്രം ഈ ഫീസ് അടച്ചാൽ മതിയാകും.

## ട്യൂഷൻ ഫീസും സ്കൂളിലേക്കുള്ള സന്നദ്ധ സംഭാവനയും മറ്റ് നിരക്കുകളും

പബ്ലിക് സ്കൂളുകളിൽ നിങ്ങൾ എത്ര കുട്ടികളെ (പ്രീ-പ്രൈമറി മുതൽ ക്ലാസ് 12 വരെ) എൻറോൾ ചെയ്തിട്ടുണ്ട് എന്ന കാര്യം പരിഗണിക്കാതെ, ട്യൂഷൻ ഫീസിന്റെ നിരക്ക്, ഒരു കുടുംബത്തിന് പ്രതിവർഷം 4,000 ഡോളർ ആയിരിക്കും. ഏറ്റവും മുതിർന്ന കുട്ടിയെ കിന്റർഗാർട്ടനിൽ എൻറോൾ ചെയ്തിട്ടുള്ള കുടുംബങ്ങൾ ഈ ഫീസ് അടയ്ക്കേണ്ടതില്ല.

സ്കൂളിലേക്കുള്ള സന്നദ്ധ സംഭാവനകളും മറ്റ് നിരക്കുകളും ഫീസുകളും നിങ്ങളുടെ കുട്ടികളുടെ സ്കൂളിലേക്ക് നേരിട്ട് അടയ്ക്കാനും നിങ്ങളോട് ആവശ്യപ്പെടും. സ്കൂളിൽ പഠിക്കുന്ന കുട്ടികളുള്ള എല്ലാ കുടുംബങ്ങളും ഈ തുകകൾ അടയ്ക്കും; സ്കൂളിൽ എൻറോൾ ചെയ്തിട്ടുള്ള ഓരോ കുട്ടിക്കും വേണ്ടി വർഷം തോറും ഇത് അടയ്ക്കും.

## ട്യൂഷൻ ഫീസ് അടയ്ക്കൽ

വെസ്റ്റേൺ ഓസ്ട്രേലിയയിൽ, ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷന് വേണ്ടി 'TAFE ഇന്റർനാഷണൽ വെസ്റ്റേൺ ഓസ്ട്രേലിയ' ആണ് ട്യൂഷൻ ഫീസ് സംബന്ധിച്ച ബില്ലുകൾ നൽകലും ട്യൂഷൻ ഫീസ് ശേഖരിക്കലും കൈകാര്യം ചെയ്യുന്നത്. ഓരോ അധ്യയന വർഷത്തിന്റെയും തുടക്കത്തിൽ (അല്ലെങ്കിൽ നിങ്ങൾ കുട്ടികളെ സ്കൂളിൽ എൻറോൾ ചെയ്യുമ്പോൾ), നിങ്ങൾക്ക് തപാൽ വഴിയോ ഇമെയിൽ വഴിയോ 4,000 ഡോളർ (അല്ലെങ്കിൽ ആനുപാതികമായ തുക) അടയ്ക്കാനുള്ള അറിയിപ്പ് ലഭിക്കും. നിങ്ങൾക്ക് ട്യൂഷൻ ഫീസ് ഒറ്റത്തവണയായി അടയ്ക്കാവുന്നതാണ് അല്ലെങ്കിൽ വർഷത്തിലുടനീളം ഡയറക്റ്റ് ഡെബിറ്റ് വഴി ഗഡുക്കളായി അടയ്ക്കാവുന്നതാണ്. നിങ്ങൾക്ക് ലഭിക്കുന്ന ഫീസ് സംബന്ധിച്ച അറിയിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക ലിങ്ക് ഉപയോഗിച്ച് BPoint വഴി ഓൺലൈനായി ഫീസ് അടയ്ക്കാനായേക്കാം. ഇൻവോയ്സ് ഇഷ്യൂ ചെയ്തിരിക്കുന്ന വർഷം അവസാനിക്കുന്നതിന് മുമ്പായി മുഴുവൻ തുകയും ലഭിച്ചിരിക്കണം. മുമ്പത്തെ വർഷങ്ങളിൽ നിന്നുള്ള ട്യൂഷൻ ഫീസ് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ, പുതിയ ഫീസിനൊപ്പം അതും അടയ്ക്കേണ്ടതുണ്ട്.

## ട്യൂഷൻ ഫീസ് ഇനിയങ്ങോട്ട് അടയ്ക്കേണ്ടതില്ലാത്ത സാഹചര്യങ്ങൾ

ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ നിങ്ങൾ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല:

- നിങ്ങൾക്ക് പെർമെനന്റ് റെസിഡൻസ് കരസ്ഥമാക്കുന്നു;
- നിങ്ങളുടെ കുട്ടികൾ പബ്ലിക് സ്കൂൾ സംവിധാനത്തിൽ നിന്ന് മാറുന്നു; അല്ലെങ്കിൽ
- നിങ്ങളുടെ വിസ സ്റ്റാറ്റസ് മാറുന്നു.

ഇത്തരം സാഹചര്യങ്ങളിൽ ഏതെങ്കിലുമൊന്ന് സംഭവിക്കുന്നുവെങ്കിൽ, നിങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളെ ഇക്കാര്യം അറിയിക്കേണ്ടതാണ്. കൃത്യമായ ഫീസ് അറിയിപ്പാണ് ഇഷ്യൂ ചെയ്യുന്നതെന്നും നിങ്ങൾക്ക് യോഗ്യതയുണ്ടായേക്കാവുന്ന ഏതെങ്കിലും റീഫണ്ടുകൾ നിങ്ങൾക്ക് ലഭിക്കുന്നുവെന്നും ഉറപ്പാക്കാൻ ഇത് സഹായിക്കും.

നിങ്ങൾ 457 അല്ലെങ്കിൽ 482 വിസയിലായിരുന്നു, എന്നാൽ ഇപ്പോൾ ഇപ്പോൾ ബ്രിഡ്ജിംഗ് വിസയിലാണ് എന്ന സാഹചര്യത്തിൽ, ട്യൂഷൻ ഫീസ് തുടർന്നും അടയ്ക്കേണ്ടതുണ്ട്. ഒരു ബ്രിഡ്ജിംഗ് വിസ നിങ്ങളുടെ പ്രധാന 457 അല്ലെങ്കിൽ 482 വിസയുടെ നിബന്ധനകളിലോ ആനുകൂല്യങ്ങളിലോ ഒരു മാറ്റവും വരുത്തുന്നില്ല.

## ഫീസ് ഒഴിവാക്കൽ അല്ലെങ്കിൽ കുറയ്ക്കൽ

നിങ്ങൾ 457 അല്ലെങ്കിൽ 482 വിസ ഉടമയാണെങ്കിൽ, ട്യൂഷൻ ഫീസ് കുറയ്ക്കുന്നതിനോ പൂർണ്ണമായും ഒഴിവാക്കുന്നതിനോ അപേക്ഷിക്കാവുന്നതാണ്. ഫീസ് ബാധകമാകുന്ന വർഷത്തിനുള്ളിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. മുമ്പത്തെ വർഷങ്ങൾക്കായി ട്യൂഷൻ ഫീസ് ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ തുടർന്നങ്ങോട്ട് സമർപ്പിക്കാൻ കഴിയില്ല.

ഫീസ് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ള അപേക്ഷകൾക്ക് രണ്ട് വ്യത്യസ്ത തരങ്ങളുണ്ട്:

## കുടുംബത്തിന്റെ മൊത്തം വരുമാനം

നികുതി അടയ്ക്കുന്നതിനും മറ്റ് ഡിഡക്ഷനുകൾ എടുക്കുന്നതിനും മുമ്പുള്ള മാതാപിതാക്കളുടെ മൊത്തം നികുതിവിധേയ വരുമാനമാണ് 'കുടുംബത്തിന്റെ മൊത്തം വരുമാനം' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ഓവർടൈമിൽ നിന്നുള്ള വരുമാനമോ ബോണസ് പേയ്മെന്റുകളോ ഇതിൽ ഉൾപ്പെടുന്നു. ഒരു കലണ്ടർ വർഷത്തിൽ നിങ്ങളുടെ കുടുംബത്തിന് ലഭിക്കുന്ന മൊത്തം വരുമാനം 90,000 ഡോളറോ അതിൽ കുറവോ ആണെങ്കിൽ, ട്യൂഷൻ ഫീസിൽ പൂർണ്ണമായ ഇളവ് ലഭിക്കാൻ നിങ്ങൾക്ക് യോഗ്യതയുണ്ട്.

നിങ്ങളുടെ കുടുംബത്തിന്റെ മൊത്തം വരുമാനം കണക്കാക്കുന്നതിന് ആവശ്യമായ തെളിവുകൾ നിങ്ങൾ ഹാജരാക്കേണ്ടതുണ്ട്. നിങ്ങളുടെയും പങ്കാളിയുടെയും വരുമാനം തെളിയിക്കുന്ന രേഖകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടണം:

- ഏറ്റവും പുതിയ മൂന്ന് പേ-സ്ലിപ്പുകൾ;
- വർഷത്തിന്റെ തുടക്കം മുതൽ ഇതുവരെയുള്ള വരുമാനത്തിന്റെ തെളിവ്;
- PAYG അല്ലെങ്കിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള വരുമാനം; ഒപ്പം
- 457 അല്ലെങ്കിൽ 482 വിസ അനുമതി അറിയിപ്പ് അല്ലെങ്കിൽ ഉറപ്പുള്ള വരുമാനം വ്യക്തമാക്കുന്ന എംപ്ലോയ്മെന്റ് കരാർ.

## സാമ്പത്തിക സാഹചര്യത്തിലുണ്ടാകുന്ന പ്രവചനാതീത മാറ്റങ്ങൾ

സാമ്പത്തിക സാഹചര്യത്തിലുണ്ടാകുന്ന പ്രവചനാതീത മാറ്റം കാരണം ട്യൂഷൻ ഫീസ് അടയ്ക്കാനുള്ള നിങ്ങളുടെ ശേഷി കുറയുകയാണെങ്കിൽ, ഫീസിൽ പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകപ്പെട്ടേക്കാം. പ്രവചനാതീത സാഹചര്യത്തെ കുറിച്ചും അത് ഫീസ് അടയ്ക്കാനുള്ള നിങ്ങളുടെ ശേഷിയെ എങ്ങനെ ബാധിച്ചു എന്നതിനെ കുറിച്ചുമുള്ള തെളിവുകൾ, അത്തരം സാഹചര്യം സംജാതമായി ആറ് മാസത്തിനുള്ളിൽ നിങ്ങൾ ഹാജരാക്കേണ്ടതുണ്ട്.

പ്രവചനാതീത സാഹചര്യങ്ങളിൽ അസുഖം, തൊഴിൽ സാഹചര്യങ്ങളിലെ മാറ്റം, കുടുംബബന്ധം തകരുന്ന സാഹചര്യം അല്ലെങ്കിൽ മരണം എന്നിവ ഉൾപ്പെടാം.

ഇനിപ്പറയുന്ന സാഹചര്യങ്ങൾ പ്രവചനാതീത സാഹചര്യമായി പരിഗണിക്കപ്പെടുന്നതല്ല:

- ഈ ട്യൂഷൻ ഫീസോ മറ്റ് സ്കൂൾ ഫീസുകളോ അടയ്ക്കേണ്ട ആവശ്യകത;
- പെർമെനന്റ് റെസിഡെൻസിനായി അപേക്ഷിക്കൽ;
- വാടക, ആരോഗ്യ ഇൻഷൂറൻസ് അല്ലെങ്കിൽ വായ്പ തിരിച്ചടവുകൾ തുടങ്ങിയ കുടുംബ ജീവിത ചെലവുകൾ; അല്ലെങ്കിൽ
- മറ്റ് കുട്ടികളുടെയോ മുതിർന്ന വിദ്യാർത്ഥിയുടെയോ വിദ്യാഭ്യാസത്തിനായി പണം ചെലവിടൽ.

എംപ്ലോയ്മെന്റിൽ ഉണ്ടാകുന്ന ഏത് മാറ്റവും സാമ്പത്തിക പ്രയാസവുമായി ബന്ധപ്പെട്ട നിങ്ങളുടെ അപേക്ഷയെ ബാധിച്ചേക്കാം. വേതനമുള്ള എല്ലാ ജോലികളിൽ നിന്നും നിങ്ങൾക്കും നിങ്ങളുടെ പങ്കാളിക്കും ലഭിക്കുന്ന മൊത്ത വരുമാനം നിങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്ന് നിങ്ങൾ ഞങ്ങൾക്ക് നൽകേണ്ടതുണ്ട്: നിങ്ങൾ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെട്ടുമെന്നോ സ്ഥാപനത്തിൽ നിങ്ങൾ അധികപ്പറ്റാണെന്നോ കാണിക്കുന്ന ഒരു കത്ത്, ജോലിയിൽ നിന്നുള്ള നിങ്ങളുടെ അവസാനത്തെ പേ-സ്ലിപ്പുകൾ അല്ലെങ്കിൽ നിങ്ങളോ നിങ്ങളുടെ പങ്കാളിയോ എത്ര കാലമായി തൊഴിൽരഹിതരാണ് എന്നതിനെ കുറിച്ചുള്ള വിവരങ്ങൾ

ഫീസ് ഇളവിനായുള്ള എല്ലാ അപേക്ഷകളും ഓരോ വ്യക്തിയുടെയും സാഹചര്യം പ്രത്യേകം പരിഗണിച്ചാണ് പരിഗണിക്കപ്പെടുക. ആവശ്യമായ എല്ലാ ഡോക്യുമെന്റേഷനും TAFE ഇന്റർനാഷണൽ വെസ്റ്റേൺ ഓസ്ട്രേലിയയ്ക്ക് സമർപ്പിച്ച് നാല് മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ നിങ്ങളുടെ അപേക്ഷയുടെ അനന്തരഫലത്തെ കുറിച്ച് നിങ്ങളെ അറിയിക്കുന്നതാണ്.

ഫീസ് ഇളവിനായി ഓരോ വർഷവും പുതിയൊരു അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.  ട്യൂഷൻ ഫീസ് ഒഴിവാക്കൽ അനുവദിക്കപ്പെടുമ്പോൾ, ഫീസ് അടയ്ക്കാൻ നിങ്ങൾക്ക് സാമ്പത്തിക ശേഷിയില്ലാത്ത കാലയളവിലേക്ക് മാത്രമാണ് അത് ബാധകമാവുക. ഫീസ് ഒഴിവാക്കൽ അടുത്ത അധ്യയന വർഷത്തിന് ബാധകമാവുകയില്ല.

ഫീസ് ഒഴിവാക്കലിനായി അപേക്ഷിക്കുന്നതിനോ കൂടുതൽ വിവരങ്ങൾ അറിയുന്നതിനോ ദയവായി സന്ദർശിക്കുക:
[www.tafeinternational.wa.edu.au/TSS](http://www.tafeinternational.wa.edu.au/TSS)